പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3149 | 21/06/2013-ൽ മറുപടിക്ക് |
|---|---|

**കുടുംബശ്രീ സംവിധാനം ശക്തിപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. | എം. ഹംസ | ശ്രീ. ഡോ.എം.കെ. മുനീർ<br>ബഹു: പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി | |
| (എ) | കുടുംബശ്രീ മുഖേന ഇപ്പോൾ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നു; വിശദമാക്കുമോ; | (എ) | കുടുംബശ്രീ വഴി നടപ്പിലാക്കുന്ന പ്രധാനപ്പെട്ട പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**1) സാമ്പത്തിക ശാക്തീകരണ പദ്ധതികൾ**<br>1. ലഘു സമ്പാദ്യ വായ്പാ പദ്ധതി<br>2. പലിശ സബ്സിഡി പദ്ധതി<br>3. മാച്ചിംഗ് ഗ്രാന്റ്, ബാങ്ക് ലിങ്കേജ്<br>4. ഭവനശ്രീ പദ്ധതി<br><br>**2) സൂക്ഷ്മ സ്വയം തൊഴിൽ വികസന പദ്ധതികൾ**<br>1. സൂക്ഷ്മസ്വയംതൊഴിൽ പരിപാടി<br>2. യുവശ്രീ പദ്ധതി<br>3. ഇന്നവേഷൻ, ടെക്നോളജി ഫണ്ട്<br>4. റിവോൾവിംഗ് ഫണ്ട്<br>5. ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്<br>6. യൂണിറ്റുകളുടെ ക്ലസ്റ്ററിംഗും നെറ്റ്വർക്കിംഗും<br>7. സാന്ത്വനം പദ്ധതി |

**3) പ്രാദേശിക സാമ്പത്തിക വികസന പരിപാടികൾ**

1. സ്പെഷ്യൽ ലൈവിലിഹുഡ് പ്രോഗ്രാം
2. ഉത്തരവാദിത്വ ടൂറിസം
3. സീറോ വേസ്റ്റ് ഡെസ്റ്റിനേഷൻ
4. സമഗ്ര പദ്ധതികൾ

a) നേന്ത്രൻ
b) ഹരിതശ്രീ
c) ക്ഷീരശ്രീ
d) നെടുമ്പന മിനി അപ്പാരൽ പാർക്ക്
e) മധുരം
f) അലങ്കാര മത്സ്യം വളർത്തൽ
g) ക്ഷീരസാഗരം
h) തിരുമധുരം
i) ഹരിതം
j) നിവേദ്യം
k) കൊണ്ടാട്ടം
l) ചെരുപ്പ് അപ്പർ നിർമ്മാണം
m) ആട് ഗ്രാമം
n) സഫലം

5. സംഘകൃഷി
6. മാസചന്ത
7. ഫിനിഷിംഗ് സ്കൂൾ

**4) സാമൂഹ്യ ശാക്തീകരണ പദ്ധതികൾ**

1. ആശ്രയ
2. ബഡ്സ് സ്പെഷ്യൽ സ്കൂൾ
3. ബാലസഭ, ബാലപഞ്ചായത്ത്, ഹോളിസ്റ്റിക്ക് ഹെൽത്ത് പ്രോഗ്രാം
4. സ്ത്രീ പദവി സ്വയം പഠനം പ്രവർത്തനങ്ങൾ
5. നിർഭയ
6. സോഷ്യൽ ആഡിറ്റിംഗ് പ്രവർത്തനങ്ങൾ
7. പട്ടിക ജാതി / പട്ടിക വർഗ്ഗ വികസനത്തിനുള്ള സ്പെഷ്യൽ പ്രോജക്ട്
8. എൻആർഇജി – എസ്ടി അംഗങ്ങളുടെ അഡ്വാൻസ് വേതന വിതരണം

| | | | |
|---|---|---|---|
| | | | **5) സംഘടനാ ശാക്തീകരണം/ പരിശീലനപരിപാടികൾ**<br><br>1. സംഘടനാ ശാക്തീകരണ പരിപാടി<br>2. വൈദഗ്ദ്ധ്യ വികസന പരിപാടികൾ, ജെനറൽ ഓറിയെന്റേഷൻ പ്രോഗ്രാം, ഇഡിപി , പെർഫോമൻസ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം, ബിസിനസ്സ് കൗൺസിലിംഗ് പ്രോഗ്രാം,<br>3. സിഡിഎസ് ആക്ഷൻ പ്ലാൻ<br><br>**6) കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ**<br>1. ആം ആദ്മി ബീമാ യോജന, രാഷ്ട്രീയ സ്വാസ്ത്യ ബീമാ യോജന<br>2. ഐച്ച്എസ്ഡിപി, ബിഎസ്‌യുപി<br>3. എംഎൻആർഇജിഎസ് – തൊഴിലുറപ്പ് പദ്ധതി, എസ്ജെഎസ്ആർവൈ, എസ്ജിഎസ്‌വൈ പദ്ധതികൾ<br>4. എൻ.ആർ.എൽ.എം.<br>5. എം.കെ.എസ്.പി<br><br>**7) ദാരിദ്ര നിർമ്മാർജ്ജനത്തിനും, സാമ്പത്തിക ശാക്തീകരണത്തിനും, സ്ത്രീ ശാക്തീകരണത്തിനുമായുള്ള വിവിധ തദ്ദേശ ഭരണതല പ്രോജക്ടുകൾ** |

| | | | |
|---|---|---|---|
| (ബി) | കുടുംബശ്രീ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്; | (ബി) | **കുടുംബശ്രീ ശാക്തീകരണത്തിനായി താഴെപറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.**<br><br>**1. 100% ദരിദ്ര കുടുംബങ്ങളുടെ അയൽക്കൂട്ട പ്രവേശനം** – നാളിതുവരെ കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ ഉൾപ്പെടാത്തവരെ ഉൾപ്പെടത്തികൊണ്ടുള്ള സമ്പൂർണ്ണ അയൽക്കൂട്ട പ്രഖ്യാപനം കുടുംബശ്രീ 15–ാം വാർഷികത്തോടനുബന്ധിച്ച് നടത്തുകയുണ്ടായി.<br><br>2. **സംരംഭ കൺസോർഷ്യം–** സംരംഭ വികസനം– ഒരേ തരത്തിലുള്ള കുടുംബശ്രീ ഉത്പ്പന്നങ്ങളെ ഒരു ബ്രാന്റിന് കീഴിലാക്കുവാൻ ഉദ്ദേശിക്കുന്നു. കുടുംബശ്രീ കാന്റീൻ യൂണിറ്റുകളെ 'കഫേ കുടുംബശ്രീ', കുടുംബശ്രീ ഹോംഷോപ്പുകൾ മുഖേന ഉത്പ്പാദിപ്പിക്കുന്ന സോപ്പ്, ഡിറ്റർജന്റ്സ് തുടങ്ങിയവ 'ഹോം ഷോപ്പ്', കരകൗശല ഉത്പ്പന്നങ്ങൾ 'ചാരുത', കുടുംബശ്രീ ന്യൂട്രിമിക്സ് ഉത്പ്പന്നങ്ങൾ 'അമൃതം' എന്ന പേരിലും ബ്രാന്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>3. **വിപണനം** – വിപണന ശൃംഖല രൂപപ്പെടുത്തുന്നതിന്റെ ആദ്യ പടിയെന്നോണം മാസ ചന്ത, ദിവസച്ചന്ത, ആഴ്ചച്ചന്ത, ഓണ ചന്ത, മറ്റു ഉൽസവാനുബന്ധ ചന്തകൾ, ദേശീയ – അന്തർദേശീയ ഫെയറുകൾ, സർക്കാർ |

| | | | |
|---|---|---|---|
| | | | മറ്റ് ഇതര വകുപ്പുകൾ സംഘടിപ്പിക്കുന്ന ഫെയറുകൾ എന്നിവയിൽ കുടുംബശ്രീ പങ്കെടുക്കാറുണ്ട്. എല്ലാ വർഷവും ഇൻഡ്യ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ കുടുംബശ്രീ സംരംഭകരുടെ ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിപണനവും നടത്താറുണ്ട്. കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് വേണ്ടി കമ്മ്യൂണിറ്റി മാർക്കറ്റിങ്ങ് നെറ്റ് വർക്ക് (ഹോം ഷോപ്പ്) എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടുണ്ട്. ചന്തകളുടെ സംഘാടനത്തിനും സുഗമമായ നടത്തിപ്പിനും ഇവന്റ്മാനേജ്മെന്റ് ഗ്രൂപ്പുകളും രൂപീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ മൈക്രോ സംരംഭക കൺസൾട്ടന്റുമാരുടെ സേവനവും പ്രയോജനപ്പെടുത്തി വരുന്നു. ദേശീയ ഉപജീവന മിഷന് സമർപ്പിച്ചിട്ടുള്ള പദ്ധതിയിൽ കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് വിപണന ശൃംഖല സൃഷ്ടിക്കുന്നതിനായി കമ്മ്യൂണിറ്റി മാർക്കറ്റിങ്ങ് നെറ്റ് വർക്ക്, പ്രാദേശിക വിപണന ശൃംഖല, മാസചന്തകൾ, ഉത്സവ മേളകൾ, റീറ്റെയിൽ ഷോപ്പ്, വിതരണ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങളുമായി വിപണന ബന്ധം, ഫെയർ ട്രേഡ്, ഇ-കൊമേഴ്സ് എന്നീ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>**4. സംഘകൃഷി**<br><br>– എൻ.ആർ.എൽ.എം പദ്ധതിയുടെ ഒരു ഉപ പദ്ധതിയായ എം.കെ.എസ്.പി, |

| | | | |
|---|---|---|---|
| | | | കുടുംബശ്രീയുടെ സംഘകൃഷിയിൽ അംഗങ്ങളായിട്ടുള്ളവരുടെ കാർഷിക പരിശീലനം നൽകുന്നതിനും അവരുടെ വൈദഗ്ധ്യം വികസിപ്പിക്കുന്നതിനും ഈ പ്രോജക്റ്റ് പ്രാമുഖ്യം നൽകുന്നു. ഈ പ്രോജക്ടിന്റെ ഭാഗമായി 30,000 ജെ.എൽ.ജി കളെയും 10,000 മാസ്റ്റർ കർഷകരെയും ഉൾപ്പെടുത്തിയിട്ടുണ്ട്. മാസ്റ്റർ കർഷകരെ പരിശീലിപ്പിക്കുന്നതിനുള്ള കൈപ്പുസ്തകം തയ്യാറാക്കുകയും ഇവ അതാത് ജില്ലാമിഷനിലേയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. 8000 മാസ്റ്റർ കർഷകർക്കുള്ള പ്രാഥമിക പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്. ഇതോടൊപ്പം തന്നെ എംകെഎസ്പിയുടെ ഭാഗമായി 45 പച്ചക്കറി വിപണന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. 30 പഞ്ചായത്തുകളിൽ കർഷക സഹായ കേന്ദ്രങ്ങൾ (എഫ്എഫ്സി) പ്രവർത്തനം ആരംഭിച്ചു. ഇതിനുപുറമെ 3000 ജെഎൽജി അംഗങ്ങൾക്ക് സാങ്കേതിക പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്.<br><br>**5 മൈക്രോ ഫൈനാൻസ്**<br><br>**a)ലിങ്കേജ് ക്യാമ്പെയിൻ-** കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ ലിങ്കേജ് വർദ്ധിപ്പിക്കുന്നതിനായി ഓരോ ജില്ലയ്ക്കും ലിങ്കേജ് ടാർജറ്റ് നിശ്ചയിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ബാങ്കുകളുടെ സഹായത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | **b)സാമ്പത്തിക സാക്ഷരത** – അയൽക്കൂട്ടങ്ങൾക്കായുള്ള ബാങ്കിന്റെ വിവിധ പദ്ധതികളെ പരിചയപ്പെടുത്തുക, ബാങ്കിംഗ് സേവനങ്ങൾ കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിനുള്ള അറിവും കഴിവും വികസിപ്പിക്കുക, ബാങ്ക് ഇടപാടുകളെപ്പറ്റിയും, നടപടിക്രമങ്ങളെപ്പറ്റിയും അയൽക്കൂട്ടാംഗങ്ങളിൽ ധാരണയുണ്ടാക്കുക. പൊതു സഹകരണ ബാങ്കുകളും കുടുംബശ്രീയുമായുള്ള ബന്ധം വർദ്ധിപ്പിക്കുക. സംസ്ഥാന–കേന്ദ്ര സർക്കാരുകളുടെ ഭാഗത്തു നിന്നും കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ച് ശക്തമായ അറിവ് നൽകുക തുടങ്ങിയ ലക്ഷ്യത്തോടെ കുടുംബശ്രീയുട മുഴുവൻ അയൽക്കൂട്ടങ്ങളിലും പ്രത്യേകം തയ്യാറാക്കിയ കൈപുസ്കത്തിന്റെ സഹായത്തോടെ സാമ്പത്തിക സാക്ഷരത പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br><br>**6. ആശ്രയ**<br><br>**a)രണ്ടാം ഘട്ട പ്രവർത്തനം** – ഗ്രാമപ്രദേശങ്ങളിലെ നിരാശ്രയരും ആലംബഹീനരുമായ അഗതി കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിന് 2002–03 സാമ്പത്തിക വർഷം മുതൽ ആശ്രയ എന്ന പേരിൽ പ്രത്യേക പദ്ധതിയിൽ ഒന്നാംഘട്ടത്തിൽ ഉൾപ്പെടു |

| | | | |
|---|---|---|---|
| | | | ത്താൻ കഴിയാതെ പോയ കുടുംബങ്ങളെ ഉൾപ്പെടുത്തി രണ്ടാംഘട്ട പ്രോജക്ടുകൾ നടപ്പാക്കുന്നതിന് സ.ഉ (കയ്യെഴുത്ത്) നം. 170/2012/തസ്വഭവ തീയതി 16.06.12 പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>**b)ആശ്രയ തുടർസേവനം** - ആശ്രയ പ്രോജക്ട് 3 വർഷത്തേക്കാണ് തയ്യാറാക്കുക. ഇപ്രകാരം പ്രോജക്ട് മുൻകാലങ്ങളിൽ തയ്യാറാക്കി അനുവദിച്ച തുക ഉപയോഗിച്ചു തീർന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അർഹരായ ഗുണഭോക്താക്കൾക്ക് തുടർന്നു സേവനം നൽകുന്നതിനും ആവശ്യമായ ഉത്തരവ് പുറപ്പെടുവിച്ചു.<br><br>**c)എംഐഎസ് (മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം)** - ആശ്രയ പദ്ധതിയുടെ സേവന ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പുതിയ എം.ഐ.എസ്. നിലവിൽ വന്നു.<br><br>7. **ബഡ്സ് സ്പെഷ്യൽ സ്കൂളുകൾ** - മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുവേണ്ടിയുള്ള ബഡ്സ് സ്പെഷ്യൽ സ്കൂളുകൾക്ക് 22 സ്കൂൾ ബസ് കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ചു. 12 ബസുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>**a)ബിആർസി (ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ)** - വിദ്യാഭ്യാസ പ്രായം കഴിഞ്ഞ മാനസിക വെല്ലുവിളികൾ |

| | | | |
|---|---|---|---|
| | | | നേരിടുന്നവർക്കായി പകൽ പരിപാലനവും തൊഴിൽ പരിശീലനവും ലഭ്യമാക്കി പൊതു സമൂഹത്തിനോടൊപ്പം ജീവിക്കുന്നതിന് പ്രാപ്തരാക്കുന്ന സ്ഥാപനങ്ങളാണ് ബിആർസി. തദ്ദേശഭരണസ്ഥാപനങ്ങളിൽ ബിആർസി ആരംഭിക്കുന്നതിന് പന്ത്രാം പദ്ധതിയിൽ നിർദ്ദേശമുണ്ട്.<br><br>**b)പ്രത്യേക അയൽക്കൂട്ടം** – മാനസിക വെല്ലുവിളികൾ നേരിടുന്നവർ ഉള്ള കുടുംബങ്ങളിലെ പ്രായപൂർത്തിയായ അംഗങ്ങളെ ഉൾപ്പെടുത്തി പ്രത്യേക അയൽക്കൂട്ടം രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>**8. എസ്ടി/എസ്സി പ്രത്യേക പദ്ധതികൾ** – പൊതുവിഭാഗം ആൾക്കാരെ പോലെയുള്ള അംഗത്വം എസ്ടി/എസ്സി വിഭാഗക്കാർക്ക് കുടുംബശ്രീയിൽ ഇല്ല. ഈ വിഭാഗക്കാരെ കൂടുതലായി കുടുംബശ്രീ അംഗത്വത്തിലേക്ക് കൊണ്ടുവരുന്നതിന് വേണ്ടി എസ്ടി/എസ്സി മേഖലയിൽ പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.<br><br>**9. ബാലസഭ** – കുട്ടികളുടെ സർഗ്ഗാത്മകവും വൈജ്ഞാനികവുമായ വളർച്ച ലക്ഷ്യമാക്കിക്കൊണ്ട് കുടുംബശ്രീയുടെ നേതൃത്വത്തിൽ ആരംഭിച്ച ശിശുവികസന പരിപാടിയായ ബാലസഭ കേരളത്തിലെ കുട്ടികളുടെ വലിയൊരു കൂട്ടായ്മയാണ്. പഞ്ചായത്തുതലത്തിൽ ബാലസഭാംഗങ്ങളുടെ ശബ്ദം എത്തിക്കുന്നതിനും പഞ്ചായത്തുകളുടെ |

| | | | |
|---|---|---|---|
| | | | വികസനപ്രക്രിയയിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുമായി രൂപീകരിച്ച ബാലസഭാപ്രതിനിധികളടങ്ങിയ ബാലപഞ്ചായത്ത് ബാലസഭകളുടെ പഞ്ചായത്തുതല സമിതിയാണ്.<br><br>കുട്ടികൾക്ക് ഒത്തുചേരുന്നതിനും ആശയവിനിമയം നടത്തുന്നതിനുമുള്ള അവസരമുണ്ടാക്കുക, കഴിവുകൾ വിപുലപ്പെടുത്താനുള്ള വേദികൾ സൃഷ്ടിക്കുക, ശാസ്ത്രം, ചരിത്രം, കല, സാഹിത്യം തുടങ്ങിയ വിഷയങ്ങളിൽ കൂടുതൽ അവബോധം ഉണ്ടാക്കുക, ആരോഗ്യപൂർണവും മൂല്യാധിഷ്ഠിതവുമായ ഒരു പുതു തലമുറയുടെ സൃഷ്ടിക്ക് വഴിയൊരുക്കുക എന്നീ ലക്ഷ്യങ്ങളുമായാണ് ബാലസഭ പ്രവർത്തിച്ചുവരുന്നത്. ഒരു അയൽക്കൂട്ടപരിധിയിൽ വരുന്ന മുഴുവൻ കുട്ടികളുടെയും കൂട്ടമാണ് ബാലസഭ. 15 മുതൽ 30 വരെ കുട്ടികൾ ഓരോ ബാലസഭയിലും അംഗങ്ങളായുണ്ടാവും. അഞ്ചു മുതൽ 15 വയസ്സുവരെയുള്ള കുട്ടികളാണ് ബാലസഭയിൽ അംഗങ്ങളായി വരുന്നത്. ഓരോ ബാലസഭയിലും 5 മുതൽ 9 വയസ്സുവരെയുള്ള കുട്ടികളെ ജൂനിയർ വിഭാഗത്തിലും 10 മുതൽ 15 വരെയുള്ള കുട്ടികളെ സീനിയർ വിഭാഗത്തിലും ഉൾപ്പെടുത്തി രണ്ട് ഗ്രൂപ്പുകൾ ആക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| | | | **10.പരിശീലനങ്ങൾ** – കുടുംബശ്രീ സംഘടനാ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കുടുംബശ്രീ വികസന ക്യാമ്പയിൻ 2013 മെയ് 17,18, 19 തീയതികളിൽ 1,072 സിഡിഎസ് ചെയർപേഴ്സൺമാർക്ക് കോഴിക്കോട് വച്ച് പരിശീലനം നൽകി. ഇതിന്റെ തുടർപരിപാടി എന്നോണം മൂന്നു ദിവസത്തെ സിഡിഎസ് കൺവീനർമാർക്കുള്ള പരിശീലനം ക്ലസ്റ്റർ തലത്തിൽ നടത്തുന്നതിന് ആസൂത്രണം ചെയ്തിട്ടുണ്ട്. ക്ലസ്റ്റർ തല പരിശീലനത്തിനു ശേഷം സിഡിഎസ് തല ശിൽപശാലകൾ സംഘടിപ്പിക്കുന്നതാണ്. അതോടൊപ്പം സിഡിഎസ് മെമ്പർ സെക്രട്ടറിമാർക്കുള്ള പരിശീലനം 2013 ജൂൺ, ജൂലൈ മാസങ്ങളിലായി നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br><br>കുടുംബശ്രീ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് 84.17 കോടി രൂപ പ്ലാൻ പദ്ധതി വിഹിതമായി ബഡ്ജറ്റിൽ അംഗീകരിക്കുകയും നാളിതുവരെയായി 45 കോടി രൂപ അനുവദിച്ചു നൽകിയിട്ടുമുണ്ട്. കൂടാതെ ഭവനശ്രീ ലോൺ വായ്പ തിരിച്ചടവിനായി 26.39 കോടി രൂപ അംഗീകരിച്ചിട്ടുണ്ട്. എഴുവർഷത്തെ കാലവധിയുള്ള എൻആർഎൽഎം പദ്ധതിയുടെ ആകെ അടങ്കൽ തുക 1160.13 കോടി രൂപയാണ്. നടപ്പ് സാമ്പത്തിക വർഷത്തിൽ കേന്ദ്ര വിഹിതമായി 35.86 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും കുടുംബശ്രീക്ക് |

| | | | |
|---|---|---|---|
| | | | അനുവദിച്ച് ലഭിച്ചിട്ടുണ്ട്. എൻആർഎൽഎം പദ്ധതിയുടെ ഉപ പദ്ധതിയായ എംകെഎസ്പിപദ്ധതിയുടെ ആകെ അടങ്കൽ തുക 79.9 കോടി രൂപയാണ്. നടപ്പു സാമ്പത്തിക വർഷത്തിൽ ആദ്യ ഗഡുവായി 9.03 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും കുടുംബശ്രീയ്ക്ക് ലഭിച്ചിട്ടുണ്ട്. (അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു |
| (സി) | 2011 ജൂലൈ ഒന്നാംതീയതി മുതൽ 2013 മാർച്ച് മാസം വരെ കുടുംബശ്രീക്കായി എത്ര രൂപയുടെ ഫണ്ട് അനുവദിച്ചു; | (സി) | 2011-12,2012-13 സാമ്പത്തിക വർഷങ്ങളിൽ കുടുംബശ്രീ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുക വിശദവിവരം ചുവടെ വിവരിക്കുന്നു. |

| വർഷം | പദ്ധതി വിഹിതം (പ്ളാൻ) തുക ലക്ഷത്തിൽ | നോൺ പ്ളാൻ തുക ലക്ഷത്തിൽ | ആകെ തുക ലക്ഷത്തിൽ |
|---|---|---|---|
| 2011-12 | 4500 | 2639.21 | 7139.21 |
| 2012-13 | 8417 | 2639.21 | 11056.21 |
| ആകെ | 12917 | 5278.42 | 18195.42 |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത കാലയളവിൽ കുടുംബശ്രീക്കായി കേന്ദ്രധനസഹായം എത്ര ലഭ്യമായി; വിശദാംശം വാർഷികാടിസ്ഥാനത്തിൽ നൽകാമോ; | (ഡി) | അനുബന്ധം 2 ആയി നൽകിയിരിക്കുന്നു. |
| (ഇ) | കുടുംബശ്രീ സംവിധാനം ശക്തമാക്കുന്നതിനായുള്ള എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ; | (ഇ) | മറുപടി 'ബി' പിരിവിൽ നൽകിയിട്ടുണ്ട് |
| (എഫ്) | പതിമൂന്നാം പദ്ധതിവിഹിതത്തിൽ 2013-14 കാലത്ത് എത്ര രൂപ ധനസഹായമായി കുടുംബശ്രീക്ക് അനുവദിച്ചു; വ്യക്തമാക്കുമോ; | (എഫ്) | 2013-14 വർഷത്തിൽ പദ്ധതി വിഹിതം 9000 ലക്ഷം രൂപയും നോൺപ്ലാൻ വിഹിതമായി (ഭവനശ്രീ വായ്പാ തിരിച്ചടവ്) 2639.21 ലക്ഷം രൂപയും നീക്കി വെച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

| ക്രമ നം. | വിഷയം | പങ്കാളിത്തം |
|---|---|---|
| 1. | സി.ഡി.എസ്സ് മെമ്പർമാരുടെ പരിശീലനം | 60000 |
| 2. | സി.ഡി.എസ്സ് ശിൽപശാല | 60000 |
| 3. | അയൽക്കൂട്ട കൺവീനർമാർക്കുള്ള പരിശീലനം | 1000000 |
| 4. | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ പരിശീലനം | 2086 |
| 5. | ഓംബുഡ്സ് വിമെൺ പരിശീലനം | 1000 |
| 6. | 50,000 മാതൃകാ അയൽക്കൂട്ടങ്ങൾ | 50000 |
| 7. | ബഡ്സ് അദ്ധ്യാപകർക്കും ആയ മാർക്കുമുള്ള പരിശീലനം | 100 |
| 8. | ആശ്രയ വോളിയർമാർക്കുള്ള പരിശീലനം | |
| 9. | കുടുംബശ്രീ ഇവാലുവേഷൻ കമ്മിറ്റി അംഗങ്ങൾക്കുള്ള പരിശീലനം | 5000 |
| 10. | പരാതി പരിഹാരത്തിനുള്ള സംസ്ഥാന/ജില്ലാതല പരിശീലനം | 500 |
| 11. | മെമ്പർ സെക്രട്ടറിമാർക്കുള്ള പരിശീലനം | 1072 |
| 12. | പ്രീ ജി.ഒ.റ്റി | 200000 |
| 13. | ജി.ഒ.റ്റി | 150000 |
| 14. | ഇ.ഡി.പി | 100000 |
| 15. | സ്കിൽ ട്രെയിനിംഗ് | 75000 |
| 16. | പി.ഐ.പി | 10000 |

അനുബന്ധം II

| ക്രമ നം. | പദ്ധതിയുടെ പേര് | 2011–12 സാമ്പത്തിക വർഷം (2011 ജൂലൈ മുതൽ 2012 മാർച്ച് വരെ) | 2012–13 സാമ്പത്തിക വർഷം | 2013–14 സാമ്പത്തിക വർഷം | ആകെ |
|---|---|---|---|---|---|
| | | | | | തുക ലക്ഷത്തിൽ |
| 1. | ബി.എസ്.യു.പി | 0 | 4042.3 | 0 | 4042.3 |
| 2. | ഐ.എച്ച്.എസ്.ഡി.പി | 627.74 | 1252.82 | 1178.39* | 3058.95 |
| 3. | എസ്.ജെ.എസ്.ആർ.വൈ | 1376.53 | 1911.13 | 1317.29 | 4604.95 |
| 4. | ആർ.എ.വൈ | 1156 | 0 | 331* | 1487 |
| 5. | എംകെഎസ്പി | 903 | 0 | 0 | 903 |
| 6. | എൻആർഎൽഎം | 0 | 3586** | | |

* തുക കുടുംബശ്രീക്ക് സംസ്ഥാന സർക്കാർ കൈമാറിയിട്ടില്ല.
** ഇതിൽ 1617 ലക്ഷം 2013 മാർച്ച് 31–ന് ലഭിച്ചു.

സെക്ഷൻ ഓഫീസർ